സെൻട്രൽ സ്കൂൾ പാറ്റേൺ കേരളത്തിൽ നടപ്പിലാക്കാൻ നടപടി

10 (* 545) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റ് സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിരിക്കുന്ന സെൻട്രൽ സ്കൂൾ പാറ്റേൺ കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ബി) സി. ബി. എസ്. ഇ. സിലബസ് അനുസരിച്ചുള്ള പരിഷ്ക്കാരങ്ങൾ സ്കൂൾ തലത്തിൽ നടപ്പിലാക്കിവരുന്ന സാഹചര്യത്തിൽ പ്ലസ്ടു കോഴ്സ് ഹയർ സെക്കന്ററി ഡയറക്ടറേറ്റിന് കീഴിലാകുമ്പോൾ എന്തു തുക അധിക ബാദ്ധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(സി) അധിക സാമ്പത്തിക ഭാരമൊഴിവാക്കാൻ സെൻട്രൽ സ്കൂൾ പാറ്റേൺ ഏർപ്പെടുത്തുന്നത് ഗുണകരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഹൈസ്കൂളുകളിൽ നിലവിലുള്ള പോസ്റ്റ് ഗ്രാഡ്വേറ്റ് അദ്ധ്യാപകരെ ഇൻസർവീസ് കോഴ്സ് നടത്തി പ്ലസ്ടു അദ്ധ്യാപകരായി നിയമിക്കുന്നതിനും ഹൈസ്കൂൾ തലത്തിൽ ശേഷിക്കുന്ന പോസ്റ്റ് ഗ്രാജുവേഷൻ ഇല്ലാത്ത അദ്ധ്യാപകരെ 9-10 ക്ലാസുകളിൽ പഠിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) നിലവിലുള്ള യു. പി. എസ്. എ. മാരിൽ ഗ്രാജുവേറ്റ് ടീച്ചേഴ്സിന് എസ്. സി. ഇ. ആർ. ടി. മുഖേന ട്രെയിനിംഗ് കൊടുത്ത് ഹൈസ്കൂളുകളിൽ പഠിപ്പിക്കുന്നതിന് നിയോഗിക്കുവാൻ ഉദ്ദേശമുണ്ടോ ;

(എഫ്) എൽ. പി. വിഭാഗത്തിലെ ടി. ടി. സി. പാസ്സായവർക്കും യു. പി. വിഭാഗത്തിൽ ട്രെയിൻഡ് ഗ്രാജുവേറ്റ്സിനും മാത്രമായി നിയമനം കൊടുക്കുവാൻ പുതിയ സിലബസ് പരിഷ്ക്കാരവുമായി ബന്ധപ്പെട്ട് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) തൽക്കാലം ഉദ്ദേശമില്ല. സെൻട്രൽ സ്കൂൾ പാറ്റേൺ അഭികാമ്യമാണെങ്കിലും അതിന്റെ പ്രായോഗിക വൈഷമ്യങ്ങൾ വിശദമായി പറയേണ്ടതിനാലാണ് തൽക്കാലം നടപ്പിലാക്കാൻ ഉദ്ദേശമില്ലാത്തത്.

(ബി) പ്രാരംഭ വർഷങ്ങളിൽ പ്രതിവർഷം 200 കോടിയോളം രൂപയുടെ ബാദ്ധ്യത ഉണ്ടാകും.

(സി) പാറ്റേൺ മാറിയതുകൊണ്ട് സാമ്പത്തിക ബാദ്ധ്യത കുറയുന്നില്ല.

(ഡി) പ്ലസ്ടു അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയും അനുപാതവും ഇപ്പോൾ സുപ്രീം കോടതിയുടെ പരിശോധനയിലാണ്. 9,10 ക്ലാസുകളിൽ പോസ്റ്റ് ഗ്രാജുവേഷൻ ഇല്ലാത്ത അദ്ധ്യാപകർക്ക് പഠിപ്പിക്കുന്നതിന് തടസ്സമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly